സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഔഷധസസ്യ വ്യാപനത്തിന് നടപടി

25 [*172] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധസസ്യ വ്യാപനത്തിനായി ആരോഗ്യം-വനം-വിദ്യാഭ്യാസ വകുപ്പുകളും ജനകീയ സംഘടനകളുമായി ചേർന്ന് ഏതെങ്കിലും തരത്തിലുള്ള പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി ഏതെല്ലാം സ്വകാര്യസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയാണ് സഹകരിക്കുന്നത് ;

(ഇ) കൂടുതൽ സന്നദ്ധ സംഘടനകളുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പ് വരുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) ഉണ്ട്.

(ബി) സ്ക്കൂളിൽ ഒരു ഔഷധത്തോട്ടം എന്ന പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 23-11-2004-ൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിദ്യഭ്യാസ മന്ത്രിയുടേയും വനംവകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും യോഗം ചേർന്ന് ഇതിന്റെ നടത്തിപ്പിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, സംസ്ഥാന മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരെ പ്രോജക്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും കരട് പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് 4-2-2005-ൽ സമർപ്പിക്കുകയുമുണ്ടായി. 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 140 സ്ക്കൂളുകളിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു.

(ഡി) ശാന്തിഗിരി ആശ്രമം, കോട്ടയ്ക്കൽ ആര്യവൈദ്യശാല തുടങ്ങിയ സംഘടനകളും സ്ഥാപനങ്ങളും സഹകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഇ) പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly